# FEDERATION OF RESIDENTS' ASSOCIATIONS THIRUVANANTHAPURAM (FRAT) Reg. No. 50/93

Office : Paranivam Chambers, Ground Floor, Paraniyam Towers
Vanchiyoor, Thiruvananthapuram - 695 035, website : www.frat.in, email : ourfrat@gmail.com

T.K. BHASKARA PANICKER ~~GEORGE VARUGHESE~~
2722759

General Secretary
ADV. PARANIYAM DEVA KUMAR
Ph : 2476440. Mob : 9446508446

Treasurer
S. SATHEESACHANDRAN NAIR
Ph:0472-2857050,Mob: 9447770368


പ്രസിദ്ധീകരണത്തിന്
Date ............................

## കള്ളൻ കപ്പലിലെങ്കിൽ പിടിച്ചിറക്കും - അഡ്വ. ബിന്ദു കൃഷ്ണ

തിരു: വാട്ടർ പൈപ്പ് ലെയിനിൽ അടക്കടി ഉണ്ടാകുന്ന പൊട്ടലുകൾ സ്വാഭാവികമല്ലെന്നും ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന ലോബിയെ തകർത്ത് ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ബാദ്ധ്യത സർക്കാരിനാണെന്നും കള്ളൻ കപ്പലിലെങ്കിൽ പിടിച്ചിറക്കുമെന്നും മഹിളാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് അഡ്വ. ബിന്ദു കൃഷ്ണ പ്രസ്താവിച്ചു. ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസ്സോസിയേഷൻസ് തിരുവനന്തപുരം (ഫ്രാറ്റ്) ന്റെ നേതൃത്വത്തിൽ കുടിവെള്ള അട്ടിമറിക്കെതിരെ കേരള വാട്ടർ അതോറിറ്റിക്കു മുന്നിൽ സംഘടിപ്പിച്ച ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ബിന്ദു കൃഷ്ണ.

കാലപഴക്കം ഇല്ലാത്ത പൈപ്പുകളിൽപോലും ഉണ്ടാകുന്ന പൊട്ടലുകളിൽ ദുരൂഹത ഉണ്ടെന്നും ഉത്തരവാദികളെ കണ്ടെത്തി കയ്യാമം വയ്ക്കുന്നതിന് സർക്കാർ തയ്യാറാകണമെന്ന് സി.പി.എം. ജില്ലാ സെക്രട്ടറി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. വാട്ടർ അതോറിറ്റിയെ സ്വാകാര്യവവൽക്കരിക്കുന്നതിന് നടക്കുന്ന ശ്രമം ജനങ്ങൾ തിരിച്ചറിയണമെന്നും അങ്ങനെ സംഭവിച്ചാൽ കുടിവെള്ളത്തിന് കൊള്ളവില നൽകേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു. സി.പി.ഐ. ജില്ലാ സെക്രട്ടറി വെഞ്ഞാറമൂട് ശശി, ബി.ജെ.പി. ജില്ലാ പ്രസിഡന്റ് കരമന ജയൻ, കൺസ്യൂമർ വിജിലൻസ് സെൽ പ്രസിഡന്റ് അയ്യപ്പൻ നായർ, ഫ്രാറ്റ് ഭാരവാഹികളായ എം. വി. സുഗതൻ, ടി.കെ.ഭാസ്ക്കരപണിക്കർ , അഡ്വ. പരണിയം ദേവകുമാർ, സതീശചന്ദ്രൻ നായർ, എം.എസ്. വേണുഗോപാൽ, പി. സുകുമാരൻ, കെ. സുകുമാരൻ, ജഗതി ശിവൻ തമ്പി, നദീറാ സുരേഷ്, മുത്ത് ഷറഫ്, ഹരിമാസ്റ്റർ പ്രൊഫസർ മുട്ടട ശിവൻ, അഡ്വ. ബി. ആർ. [illegible] പി. ചന്ദ്രശേഖരൻ, വി.ആർ. ജനാർദ്ദനൻ, ഡോ. ജെ. മോസസ്സ് തുടങ്ങിയവർ സംസാരിച്ചു.

നിലവിലുള്ള പൈപ്പ് ലെയിൻ നെറ്റ് വർക്ക് കണ്ടെത്തി സ്കെച്ചും പ്ലാനും തയ്യാറാക്കി സൂക്ഷിക്കുക, പൈപ്പ് പൊട്ടൽ സാദ്ധ്യത മുൻകൂർ അറിയുന്നതിനുള്ള ഡിറ്റക്ടർ സംവിധാനം സ്ഥാപിക്കുക, കാലപ്പഴക്കമുള്ള പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ ലെയിനുകൾ സ്ഥാപിക്കുക. അരുവിക്കരയിൽ നിന്നും തിരുവനന്തപുരം നഗരത്തിലേക്ക് എമർജൻസി സമാന്തര ലെയിൻ സ്ഥാപിക്കുക. പൈപ്പുജലം പരിപൂർണ്ണ ശുദ്ധജലമാണെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ധർണ്ണ സംഘടിപ്പിച്ചത്.

ധർണ്ണക്കു ശേഷം വാട്ടർ അതോറിറ്റി എം.ഡി. അശോക് കുമാർ സിംഗിന് 50 അംഗ ഫ്രാറ്റ് പ്രതിനിധിസംഘം നിവേദനം നൽകി. നിവേദനത്തിലെ നിർദേശങ്ങൾ സ്വീകാര്യമാണെന്നും അനുകൂല നടപടി ഉണ്ടാകുമെന്നും അദ്ദേഹം ഉറപ്പുനൽകി.

16.3.2013.

അഡ്വ. പരണിയം ദേവകുമാർ
ജന. സെക്രട്ടറി.